# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3442 | 22/08/2017 ൽ മറുപടിക്ക് |
|---|---|

## മുൻമന്ത്രിമാർക്കെതിരെയുള്ള അഴിമതി കേസുകൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ | മുൻ സർക്കാരിന്റെ ഭരണ കാലത്ത് മുഖ്യമന്ത്രി, ധനകാര്യ , എക്സൈസ് വകുപ്പ മന്ത്രിമാർ എന്നിവരുടെ പേരിൽ ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ ഈ സർക്കാർ സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ? | എ | മുൻ സർക്കാരിന്റെ ഭരണ കാലത്ത് അന്നത്തെ മുഖ്യമന്ത്രി, ധനകാര്യ , എക്സൈസ് വകുപ്പ മന്ത്രിമാർ എന്നിവരുടെ പേരിൽ ഉന്നയിക്കപ്പെട്ട അഴിമതി ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്ത കേസുകളുടേയും അവയിൽ സ്വീകരിച്ച വരുന്ന നടപടികളുടേയും വിവരം അനുബന്ധ മായി ചേർക്കുന്നു |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | കേസ് | എതിർ കക്ഷി | കുറ്റച്ചുരുക്കം | തൽസ്ഥിതി |
|---|---|---|---|---|
| 1 | വി.സി. 03/2017/എസ്. ഐ.യു.-I | ശ്രീ. ഉമ്മൻ ചാണ്ടി, മുൻ കേരള മുഖ്യ മന്ത്രി. | ശ്രീ. സോമശേഖരൻ നായർ, മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജല അതോറിറ്റി, പാറ്റൂർ, തിരുവനന്തപുരം ടിയാന്റെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി 07/08/08 തീയതിയിൽ ശ്രീ. റ്റി.എസ്. അശോക്, എം.ഡി., ആർടെക് റിയൽടേഴ്സ്, തിരുവനന്തപുരം എന്നയാളോട് വഞ്ചിയൂർ വില്ലേജിലെ സർവ്വേ നമ്പർ 1834/3-ൽപ്പെട്ട പൈപ്പ് ലൈൻ മാറ്റിയിടുന്നതിന് 14,80,000/- രൂപ അടയ്ക്കാൻ നിർദ്ദേശിച്ചും ശ്രീ. മധു, മുൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജല അതോറിറ്റി, പാറ്റൂർ, തിരുവനന്തപുരം എന്നയാൾ ടിയാന്റെ ഔദ്യോഗിക പദവി ദുരുപയോഗപ്പെടുത്തി, 54 മീറ്റർ നീളം വരുന്ന പൈപ്പ് ലൈൻ കടന്നുപോകുന്ന 1805 ബി, 1800 ബി, 1800 സി. സർവ്വേ നമ്പരുകളിൽ പെട്ട വസ്തു ആർടെക് ഗ്രൂപ്പിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് കാണിച്ച് ലാന്റ് റവന്യൂ കമ്മീഷണർക്ക് കത്ത് നൽകുകയും ശ്രീ. ഭരത് ഭൂഷൺ, ഐ.എ.എസ്., മുൻ കേരള ചീഫ് സെക്രട്ടറി ശ്രീ. റ്റി.എസ്. അശോകിന് നേട്ടം ഉണ്ടാക്കുന്നതിനുവേണ്ടി പൈപ്പ് ലൈൻ മാറ്റാമെന്ന് നിർദ്ദേശിച്ചും മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി അത് അംഗീകരിച്ച് ഒപ്പിട്ടും ആയത് വഴി പൈപ്പ് ലൈൻ പൂർണ്ണമായും മാറ്റിയിടാനിടയായി. 1986-ലെ കേരള വാട്ടർ സപ്ലൈ ആൻഡ് സീവറേജ് നിയമത്തിലെ 16-)o വകുപ്പിലെ വ്യവസ്ഥകൾ ലംഘിച്ചും ശ്രീ. അശോകിന് പൈപ്പ് ലൈൻ മുൻപ് പോയിരുന്ന സ്ഥലത്ത് കെട്ടിടം നിർമ്മിച്ച് സാമ്പത്തിക നേട്ടമുണ്ടാക്കി തുടങ്ങിയ ആരോപണങ്ങൾ. | അന്വേഷണം നടന്നുവരുന്നു |

| | | | | |
|---|---|---|---|---|
| 2 | വി.സി. 04/16/കെ.റ്റി.എം. | മുൻ ധനകാര്യ മന്ത്രി ശ്രീ. കെ.എം. മാണി. | ശ്രീ. ബെന്നി എബ്രഹാമിന്റെ ഉടമസ്ഥതയിലുള്ളതും കോട്ടയം കറിച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്നതുമായ സൂപ്പർ പിഗ്മെന്റ്സ് എന്ന ലെഡോക്സൈഡ് നിർമ്മാണ ശാലയ്ക്ക് ശ്രീ. കെ.എം. മാണി 2015-16 ബജറ്റ് അവതരണ കാലത്ത് മുൻകാല പ്രാബല്യത്തോടെ നികുതി ഇളവ് നൽകുക വഴി സർക്കാരിന് അന്യായ നഷ്ടം ഉണ്ടാക്കി എന്ന ആരോപണം. | അന്വേഷണം പൂർത്തിയായി. തുടർ നടപടികൾ എടുത്തുവരുന്നു |
| 3 | വി.സി. 6/2014/എസ്. ഐ.യു. I | " | നിയമ – ധനകാര്യ മന്ത്രിയായിരുന്ന പ്രതി തന്റെ ഔദ്യോഗിക പദവി ദുരുപയോഗം ചെയ്ത് ബാർ ലൈസൻസ് പുതുക്കി നൽകുന്നതിനായ് 5 കോടി രൂപ ആവശ്യപ്പെടുകയും അതിൻ പ്രകാരം 1 കോടി രൂപ കേരള ബാർ ഹോട്ടൽ അസോസിയേഷൻ ഭാരവാഹികളിൽ നിന്നും കൈപ്പറ്റി എന്ന ആരോപണം. | അന്വേഷണം നടന്നു വരുന്നു. |
| 4 | വി.സി. 7/16/എസ്.ഐ.യു. II | " | ശ്രീ. കെ.എം. മാണി ധനകാര്യ മന്ത്രിയായിരുന്ന കാലത്ത് 65 കോടി രൂപയുടെ നികുതി റിക്കവറി ഉത്തരവ് സ്റ്റേ ചെയ്ത് ഖജനാവിന് നഷ്ടം വരുത്തിയെന്നുള്ളത്. | " |
| 5 | വി.സി. 5/2016/സി.ആർ.ഇ. | മുൻ എക്സൈസ് മന്ത്രി ശ്രീ. കെ. ബാബു | കേരള ബാർ ഹോട്ടൽ അസ്സോസ്സിയേഷൻ ഭാരവാഹികൾക്കും മുൻ സംസ്ഥാന എക്സൈസ് വകുപ്പ് മന്ത്രി ശ്രീ. കെ. ബാബുവിന്റെ സുഹൃത്തുക്കൾക്കും ബിനാമികൾക്കും 2011-16 കാലഘട്ടത്തിൽ അന്യായമായി FL-3, FL-11 ലൈസൻസുകൾ അനുവദിച്ചതും ബിവറേജസ് കോർപ്പറേഷന്റെ ഔട്ട് ലെറ്റുകൾ മാനദണ്ഡങ്ങൾ പാലിക്കാതെ അടച്ചുകൊണ്ട് മന്ത്രിയുടെ സുഹൃത്തുക്കൾക്കും തൽപര കക്ഷികൾക്കും ഗുണകരമായി പ്രവർത്തിച്ച എന്നും മറ്റുമുള്ള ആരോപണം. | അന്വേഷണം തുടർന്നു കൊണ്ടിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 6 | വി.സി. 17/2016/എസ്.സി.ഇ. | .. | അനധികൃത സ്വത്ത് സമ്പാദനം സംബന്ധിച്ച് | അന്വേഷണം നടന്നു കൊണ്ടിരിക്കുന്നു. |

സെക്ഷൻ ഓഫീസർ